## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2417** **21-01-2021 - ൽ മറുപടിയ്ക്ക്**

## പരിസ്ഥിതി സൗഹൃദ വ്യവസായ യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ടോ; | (എ) | ഉണ്ട്. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളിൽ ഉൾപ്പെടുന്ന കാർഷിക ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾ, റെഡിമെയ്ഡ് ഗാർമെന്റ്സ്, ബയോടെക്നോളജി വ്യവസായങ്ങൾ തുടങ്ങിയവയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി പ്രകാരം അനുവദിക്കുന്ന നിക്ഷേപ സബ്സിഡിയിൽ നിലവിലുള്ള 15% പുറമെ 10% അധിക സബ്സിഡിയായി അനുവദിക്കുന്നു. ഇതിനു പുറമെ 2019 -ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. ഇതു കൂടാതെ ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കു കെ.എസ്.ഐ.ഡി.സി. നല്കി വരുന്ന വായ്പകളിൽ ഗ്രീൻ ഇൻഡസ്ട്രികളെ പ്രത്യേക പരിഗണനാ വിഭാഗത്തിൽ (ത്രസ്റ്റ് സെക്ടർ) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള (ത്രസ്റ്റ് സെക്ടർ) ഈ പ്രൊജക്ടുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും |

| | | | |
|---|---|---|---|
| | | | വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 യ്ക്കു മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റു പ്രൊജക്ടുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. |
| (ബി) | പ്രസ്തുത വ്യവസായങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | ഉണ്ട്. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങളിൽ ഉൾപ്പെടുന്ന കാർഷിക ഭക്ഷ്യ സംസ്ക്കരണ യൂണിറ്റുകൾ, റെഡിമെയ്ഡ് ഗാർമെന്റ്സ്, ബയോടെക്നോളജി വ്യവസായങ്ങൾ തുടങ്ങിയവയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി പ്രകാരം അനുവദിക്കുന്ന നിക്ഷേപ സബ്സിഡിയിൽ നിലവിലുള്ള 15% പുറമെ 10% അധിക സബ്സിഡിയായി അനുവദിക്കുന്നു. ഇതിനു പുറമെ 2019 -ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് പ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽ നിന്ന് 10 കോടി രൂപ വരെ നിക്ഷേപമുള്ള സംസ്ഥാന മലിനീകരണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്ത വ്യവസായങ്ങളെ 3 വർഷത്തേയ്ക്ക് ഒഴിവാക്കുന്നു. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തിരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻ തന്നെ ജില്ലാ ഏക ജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷം കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. ഇതു കൂടാതെ ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്കു കെ.എസ്.ഐ.ഡി.സി. നല്കി വരുന്ന വായ്പകളിൽ ഗ്രീൻ ഇൻഡസ്ട്രികളെ പ്രത്യേക പരിഗണനാ വിഭാഗത്തിൽ (ത്രസ്റ്റ് സെക്ടർ) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള (ത്രസ്റ്റ് സെക്ടർ) ഈ പ്രൊജക്ടുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 യ്ക്കു മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റു പ്രൊജക്ടുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് ഇത്തരം എത്ര വ്യവസായ യൂണിറ്റുകൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കാമോ? | (സി) | വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പിന്റെ അനുമതി ആവശ്യമില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31/12/2020 വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തു |

| | | | |
|---|---|---|---|
| | | | പ്രവർത്തനം ആരംഭിച്ചിട്ടുള്ള MSME കളിൽ 38000 -ൽ പരം യൂണിറ്റുകൾ പരിസ്ഥിതി സൗഹൃദ വിഭാഗത്തിൽപ്പെട്ടവയാണ് എന്ന് കണക്കാക്കപ്പെടുന്നു. |

സെക്ഷൻ ഓഫീസർ